"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് - എക്സൈസ്- ജീവനക്കാര്യം - ആശ്രിത നിയമന പദ്ധതി പ്രകാരം മലപ്പുറം എക്സൈസ് ഡിവിഷനിലേക്ക് സിവിൽ എക്സൈസ് ഓഫീസർ (ട്രെയിനി) ആയി നിയമന ഉത്തരവ് ലഭിച്ച ശ്രീ.അതുൽ അനിലിന് പ്രവേശന കാലയളവ് ദീർഘിപ്പിച്ച് നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.202/2025/TAXES  തീയതി,തിരുവനന്തപുരം, 06-03-2025

---

പരാമർശം:-

1. സ.ഉ(പി) നം.15/2020/ഉ.ഭ.പ.വ തീയതി 28/10/2020.
2. ശ്രീ.അതുൽ അനിൽ 27/01/2025-ൽ സമർപ്പിച്ച അപേക്ഷ

4 എക്സൈസ് കമ്മീഷണറുടെ 01/02/2025-ലെ EXC/497/2025-XE8 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ആശ്രിത നിയമന പദ്ധതി പ്രകാരം മലപ്പുറം എക്സൈസ് ഡിവിഷനിലേക്ക് സിവിൽ എക്സൈസ് ഓഫീസർ (ട്രെയിനി) ആയി നിയമന ഉത്തരവ് ലഭിച്ച ശ്രീ.അതുൽ അനിൽ സർവ്വീസിൽ പ്രവേശിക്കുന്നതിന് സമയം ദീർഘിപ്പിച്ച് ലഭിക്കുന്നതിനായി പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും എക്സൈസ് അക്കാദമി ഡയറക്ടറുടെ 18/01/2025-ലെ SEA3/833242 നമ്പർ ഉത്തരവ് പ്രകാരം ടിയാനെ 05/02/2025-ന് ആരംഭിയ്ക്കുന്ന ട്രെയിനിംഗ് ബാച്ചിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണെന്നും, ടിയാന് ഇടത് കാൽമുട്ടിൽ ligament injury ആയതിനാൽ ചികിത്സയിലാണെന്നും, ആയതിനാൽ 4 മാസം വിശ്രമം എടുക്കാൻ ഡോക്ടർ നിർദേശിച്ചിട്ടുണ്ടെന്നും പ്രസ്തുത സാഹചര്യം പരിഗണിച്ച് സർവ്വീസിൽ പ്രവേശിക്കുന്നതിന് സമയം ദീർഘിപ്പിച്ച് നൽകണമെന്നും ടി അപേക്ഷയിൽ ആവശ്യപ്പെട്ടിട്ടുണ്ടെന്നും മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ലഭ്യമായിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്ത്കൊണ്ട് ശ്രീ. അതുൽ അനിൽ സർവ്വീസിൽ പ്രവേശിക്കുന്നതിനുള്ള സമയം 4 മാസത്തേയ്ക്ക് ദീർഘിപ്പിച്ച് ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയും അനുബന്ധ രേഖകളും തുടർനടപടികൾക്കായി എക്സൈസ് കമ്മീഷണർ പരാമർശം (3) പ്രകാരം സർക്കാരിലേക്ക് സമർപ്പിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം പരാമർശം (1) ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ആശ്രിത നിയമന പദ്ധതി പ്രകാരം മലപ്പുറം എക്സൈസ് ഡിവിഷനിലേക്ക് സിവിൽ എക്സൈസ് ഓഫീസർ (ട്രെയിനി) ആയി നിയമന ഉത്തരവ് ലഭിച്ച ശ്രീ.അതുൽ അനിലിന് ടിയാന്റെ ഇടത് കാൽമുട്ടിൽ ligament injury-യ്ക്ക് ചികിത്സയിൽ ആയതിനാൽ

സർവ്വീസിൽ പ്രവേശിക്കുന്നതിന് സമയം ദീർഘിപ്പിച്ച് ലഭിക്കുന്നതിനായി ടിയാൻ സമർപ്പിച്ച അപേക്ഷ പരിഗണിച്ച് 05/02/2025 മുതൽ 4 മാസത്തേയ്ക്ക് കൂടി പ്രവേശന കാലയളവ് ദീർഘിപ്പിച്ചു നൽകിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ഇപ്രകാരം പ്രവേശന കാലാവധി നീട്ടി നൽകുന്നത് ഒറ്റത്തവണത്തേക്കായി പരിമിതപ്പെടുത്തിയിട്ടുള്ളതാണെന്ന് കൂടി നിഷ്കർഷിക്കുന്നു.

3. മേൽ പ്രകാരം ദീർഘിപ്പിച്ചു നൽകിയ കാലയളവ് പൂർത്തിയാകുന്ന മുറയ്ക്ക് ശ്രീ.അതുൽ അനിൽ സർവ്വീസിൽ പ്രവേശിക്കാത്ത പക്ഷം പ്രസ്തുത വിവരം സർക്കാരിൽ റിപ്പോർട്ട് ചെയ്യാനുള്ള നടപടികൾ എക്സൈസ് കമ്മീഷണർ സ്വീകരിക്കേണ്ടതാണെന്നും നിഷ്കർഷിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രമോദ് എം വി
ജോയിന്റ് സെക്രട്ടറി

1. എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം.
2. ശ്രീ.അതുൽ അനിൽ , ലീലസദനം,പുഴവത്ത്,ചങ്ങനാശ്ശേരി,കോട്ടയം -686101
   (എക്സൈസ് കമ്മീഷണർ മുഖേന)
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്/ഇ.ആർ.എസ്.എ) കേരളം, തിരുവനന്തപുരം
4. വെബ് & ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
**Signed by Reese. V. A**
**Date: 06-03-2025 13:23:33**
സെക്ഷൻ ഓഫീസർ